(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/ റ്റി.വി.എം/ജി.പി.9/2067/2016

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

തീയതി : 02.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നാവായിക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നാവായിക്കുളം ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

4) സ്പെയർ

എസ്.5/12/16

നം.കെ.എസ്.എ/ റ്റി.വി.എം/ജി.പി.9/2067/2016 തീയതി : 02.12.2016

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 02.07.2016 മുതൽ 06.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 30എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ജമാലുദ്ദീൻ .എ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13-10-2016 മുതൽ 21-10-2016 വരെ | |
| | | | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.മനേഷ്.ബി.എച്ച്, | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി വാലന്റീന.എം, | അസി. ഓ. ഓഫീസർ |
| | | ശ്രീമതി.ശ്യാമപ്രിയ.എസ്.എസ്,<br>ശ്രീ. ബീനിഷ് ജി, | സീ.ഗ്രേഡ് ഓഡിറ്റർ<br>സീ.ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട് : ശ്രീമതി. ബേബി രവീന്ദ്രൻ, 1-4-15 മുതൽ 31-10-15 വരെ

: ശ്രീ കെ തമ്പി , 19-9-15 മുതൽ 31- 3-16 വരെ

സെക്രട്ടറി

: ശ്രീ ഹരികൃഷ്ണൻ, 1-4-15 മുതൽ 21-7-15 വരെ

: ശ്രീമതി ഷീജ മോൾ 22-7-15 മുതൽ 31-3-16 വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | തസ്തിക | പേര് | കാലയളവ് |
|---|---|---|---|
| 1 | അസി. സെക്രട്ടറി | ശ്രീ റനി സൈമൺ<br>ശ്രീ ജയദേവൻ | 1-4-15 മുതൽ 24-7-15 വരെ<br>16-9-15 മുതൽ 31-3-16 വരെ |
| 2 | ഐ. സി .ഡി .എസ് സൂപ്പർവൈസർ | ശ്രീമതി തങ്കമണി. എസ് | 1-4-15 മുതൽ 31-3-16 വരെ |
| 3 | അസി. എഞ്ചിനീയർ | ശ്രീമതി വിജി വി | 1-4-15 മുതൽ |

| | | | |
|---|---|---|---|
| | | | 31-3-16 വരെ |
| 4 | വി .ഇ .ഒ | ശ്രീ അനീഷ് എസ് എസ്<br>ശ്രീ ഷാജികുമാർ<br>ശ്രീ ആദർശ് മോഹൻ | 1-4-15 മുതൽ 31-3-16 വരെ<br>1-4-15 മുതൽ 31-3-16 വരെ<br>1-4-15 മുതൽ 31-3-16 വരെ |
| 5 | എം. ഒ (ആയുർവേദം) | ഡോ. പ്രഭിഷ | 1-4-15 മുതൽ 31-3-16 വരെ |
| 6 | എം .ഒ (ഹോമിയോ) | ഡോ.ഉഷ കെ കെ<br>ഡോ. രാജീവ് അബ്രഹാം | 1-4-15 മുതൽ 17-6-15 വരെ<br>18-6-15 മുതൽ 31-3-16 വരെ |
| 7 | എം ഒ (പി എച്ച് സി ) | ഡോ. ഫസീല | 1-4-15 മുതൽ 31-3-16 വരെ |
| 8 | വെറ്റിനറി സർജൻ | ഡോ. സുരേഷ്കുമാർ | 1-4-15 മുതൽ 31-3-16 വരെ |
| 9 | കൃഷി ഓഫീസർ | ശ്രീ ഷിബുകുമാർ | 1-4-15 മുതൽ 31-3-16 വരെ |
| 10 | ഹെഡ്മാസ്റ്റർ | ശ്രീ ഇല്ല്യാസ് എ | 1-4-15 മുതൽ 31-3-16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | 6 |
| 2 | വാർഷികധനകാര്യപത്രിക | 1-2 | 6 |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് | 1-3 | 6 |
| 4 | സാമ്പത്തികവിശകലനം | 1-4 | 6 |
| 5 | ഫണ്ട് വിനിയോഗം | 1-5 | 7 |
| 6 | പദ്ധതിഅവലോകനം | 1-6 | 9 |
| 7 | തനതുവരുമാനം | 1-7 | 9 |
| 8 | ക്ഷേമപദ്ധതികൾ | 1-8 | 10 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | 10 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | 11 |
| 11 | മറ്റുഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | 11 |
| | ഭാഗം - 2 | | |
| 12 | രശീതികളുടെ സ്റ്റോക്ക്, ഉപയോഗം, പണം പിൻവലിക്കൽ | 2-1 | 11 |
| 13 | ലേല തുക ഈടാക്കുന്നതിൽ വീഴ്ച | 2-2 | 12 |
| 14 | ഡി. & ഒ. ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം | 2-3 | |

| | | | |
|---|---|---|---|
| 15 | തൊഴിൽ നികുതി ചുമത്തുന്നതിൽ കടിശ്ശിക | 2-4 | 13 |
| | ഭാഗം 3 | | |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിന് അവസരമൊരുക്കിയില്ല | 3-1 | 14 |
| 17 | ജാഗ്രതാ സമിതി പ്രവർത്തനം ഊർജ്ജിതമാക്കണം | 3-2 | 14 |
| 18 | 'മീഡിയ ശ്രീ' - പദ്ധതി നടത്തിപ്പിലെ അപാകത | 3-3 | 15 |
| 19 | ഭവനപുനരുദ്ധാരണ പ്രവൃത്തികൾ - അഡ്വാൻസ് തുക മാത്രം നൽകി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-4 | 16 |
| 20 | ഡ്രൈവിംഗ് പരിശീലനം - തുടർ പ്രോജക്ട് വച്ചില്ല – പദ്ധതി പരാജയം | 3-5 | 18 |
| 21 | ഗ്രാമ പഞ്ചായത്ത് വിഹിതം മാത്രം ചെലവഴിച്ച് സംയുക്തപ്രോജക്ട് നടപ്പിലാക്കി | 3-6 | 18 |
| 22 | തെരുവുവിളക്കുകളുടെ കൃത്യമായ കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു | 3-7 | 20 |
| 23 | ഉപഭോഗത്തിനനുസൃതമായാണ് വെള്ളക്കരം ഒടുക്കുന്നതെന്നുറപ്പാക്കേണ്ടതാണ്. | 3-8 | 21 |
| 24 | ഇ എം എസ് ഭവനപദ്ധതി - അക്കൗണ്ടിൽ 902338/-രൂപ ബാലൻസ് നിൽക്കുന്നു | 3-9 | 21 |
| 25 | ഉത്പാദന മേഖലയിൽ ഫണ്ട് വിനിയോഗം ആശാവഹമല്ല | 3-10 | 22 |
| 26 | 3775000/- രൂപയുടെ വിനിയോഗ രേഖകളില്ല | 3-11 | 23 |
| 27 | ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചില്ല | 3-12 | 24 |
| 28 | കല്ലമ്പലം മാർക്കറ്റിന്റെ അവസ്ഥ ശോചനീയം | 3-13 | 25 |
| 29 | അറ്റകുറ്റപണി നടത്തിയ ആയുർവേദാശുപത്രി അനുബന്ധകെട്ടിടം പ്രവർത്തനക്ഷമമാക്കിയില്ല | 3-14 | 27 |
| 30 | നക്രാംകോണം - കുടവൂർ വിളയിൽ വാതുക്കൽ പാലം പ്രയോജനപ്രദമാക്കാൻ നടപടി വേണം | 3-15 | 27 |
| 31 | റോഡ് പ്രവൃത്തികൾക്ക് ഫ്ലോറിംഗ് നിരക്ക് നൽകി | 3-16 | 28 |
| 32 | സംരക്ഷണഭിത്തി തകർച്ച നേരിടുന്നു. | 3-17 | 30 |
| 33 | ടെന്ററുകൾക്ക് മത്സര സ്വഭാവമില്ല | 3-18 | 31 |
| 34 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-19 | 31 |
| 35 | അംഗനവാടികളുടെ അവലോകനം | 3-20 | 32 |
| 36 | ആശ്രയ പദ്ധതി അവലോകനം | 3-21 | 32 |
| | ഭാഗം 4 | | |
| 37 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | 33 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | 33 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | 35 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | 35 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | 35 |

| | | | |
|---|---|---|---|
| 42 | ഓഡിറ്റ് റിക്കവറി | 4-6 | 36 |
| 43 | സമാഹൃതഓഡിറ്റ്റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | 36 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | 36 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | 37 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 30-3-2015തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 233867708/-രൂപ വരവും 221418155 /- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 103513143/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 73786803/-രൂപയുമാണ്. ( റസീപ്റ്റ് & പേമെന്റ് പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 26.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 13.10.2016 | |

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 46512466

വരവ് - 57000677

ആകെ - 103513143

ചെലവ് - 73786803

നീക്കിബാക്കി - 29726340
(കുറിപ്പ് - റസീപ്റ്റ്സ് & പേയ്മെന്റ്സ് പ്രകാരം)

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| VPFA II (a) | 1623808 | 7617381 | + 8455176 | 17696365 | 17696365 | - |
| II (b) | 7411435 | 10504055 | - 4094794 | 13820696 | 13820696 | - |
| CFC | 615847 | 8582640 | -2862750 | 6335737 | 6335737 | - |
| KLGSDP | 5834223 | 968686 | -1497632 | 5305277 | 5305277 | - |
| III (Road) | 2157758 | 3938710 | - | 6096468 | 6096468 | - |
| (Non Road) | 2518124 | 1936356 | - | 4454480 | 4454480 | - |
| VPFA I | 20763418 | 11664326 | - | 3242774 | 9807107 | 22620637 |
| MGNREGS | 1586 | 18438990 | - | 18440576 | 18434104 | 6472 |
| സാക്ഷരത | 50232 | 59440 | - | 109692 | - | 109692 |
| തനത് -Fund | 4526572 | 7287533 | - | 11814105 | 5535314 | 6278791 |
| DCB കല്ലമ്പലം | 17433 | 33366 | - | 50799 | - | 50799 |
| ബി-ഫണ്ട് | - | 39215902 | - | 39215902 | 39215902 | - |

(കുറിപ്പ് - 1.AFS പ്രകാരം Road VPFA III ഇനത്തിലെ വരവ് 3938710/- രൂപയും നോൺ റോഡ് ഇനത്തിലെ വരവ് 1936356/- രൂപയുമാണ്. ആകെ വരവ് 1936356/-രൂപ)

2. ബി.ഫണ്ട് Income &Expenditure statementപ്രകാരമുള്ള വരവ് ചെലവ് കണക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 85272021 | 118 | 85272021 | 14 | 40 | 68.6 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ
ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 5149470 | 3733753 | -1415717 |
| നികുതിയേതര വരവുകൾ | 1242233 | 2127558 | 885325 |
| മറ്റ് വരവുകൾ | 1325852 | 835173 | -490679 |
| ആകെ | 7717555 | 6696484 | -1021071 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 598320 | 314 |
| കർഷകതൊഴിലാളി പെൻഷൻ | 2596200 | 364 |
| വിധവാ പെൻഷൻ | 13560240 | 1272 |
| വാർദ്ധക്യകാലപെൻഷൻ | 18659580 | 1443 |
| വികലാംഗ പെൻഷൻ | 3550165 | 373 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 7 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 141600 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 24500/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ലേല കുടിശ്ശിക ഈടാക്കുന്നതിലും ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നതിലും ശ്രദ്ധ പുലർത്തിയില്ല. കൃത്യമായ കണക്കുകളില്ലാതെ തെരുവ് വിളക്ക് വൈദ്യുത ചാർജ്ജും വെള്ളക്കരവും ഒടുക്കി വരുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 5-9-16 | 1-8-16 മുതൽ 31-8-16 വരെ | ലഭിച്ചില്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 3-3-14 | 2008-09 മുതൽ 2012-13 വരെ | 25-5-14 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രശീതികളുടെ സ്റ്റോക്ക്, ഉപയോഗം, പണം പിൻവലിക്കൽ

സ്ഥാപനത്തിന്റെ 2-7-16 മുതൽ 6-10-16 തീയതി വരെയുള്ള മാന്വൽ, സാംഖ്യ, ഇന്ററപ്റ്റഡ് രശീതികൾ, സ്റ്റോക്ക് എന്നിവ പരിശോധനാ വിധേയമാക്കി.

ഗ്രാമപഞ്ചായത്തിന് ആകെ 5 ബാങ്ക് അക്കൗണ്ടുകളുള്ളതിൽ പരിശോധനാ കാലയളവിൽ 2 അക്കൗണ്ടുകളിലാണ് ഇടപാടുകൾ നടത്തിയിട്ടുള്ളത്. അതിൽ കാനറാ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കിലെയും ഇടപാടുകൾ പരിശോധനയ്ക്ക് വിധേയമാക്കി.

### 2-2 ലേല തുക ഈടാക്കുന്നതിൽ വീഴ്ച

നാവായിക്കുളം ഗ്രാമപഞ്ചായത്ത് വക പബ്ലിക് മാർക്കറ്റുകളിലെ ഗേറ്റ് ഫീസ് പിരിവും, മറ്റ് അവകാശങ്ങളും 2015-16 വർഷത്തേക്ക് ലേലം ചെയ്തതിൽ 3,91,500/- രൂപ ലേല തുകയിനത്തിൽ ലഭിക്കാൻ ബാക്കിയുണ്ട്.

| ലേല ഇനം | ലേലം പിടിച്ച വ്യക്തി | ലേല തുക | അടച്ചത് | ബാക്കി |
|---|---|---|---|---|
| നാവായിക്കുളം പബ്ലിക് മാർക്കറ്റ് | ശ്രീ.ഷാജഹാൻ | 73,000 | 55,500 | 17,500 |
| മാട്ടിറച്ചി ലേലം | ശ്രീ.മുഹമ്മദ് അൻസാരി | 5,07,000 | 2,53,500 | 2,53,500 |
| കല്ലമ്പലം പബ്ലിക് മാർക്കറ്റ് | ശ്രീ.ജഹാംഗീർ | 1,75,000 | 87,500 | 87,500 |
| പരസ്യ നികുതി | ശ്രീ.ജഹാംഗീർ | 66,000 | 33,000 | 33,000 |
| ആകെ | | | | 3,91,500 |

ലേല നിബന്ധന പ്രകാരം ലേലം ചെയ്യുന്ന സമയം താൽക്കാലികമായി ലേലം സ്ഥിരപ്പെടുത്തിയാൽ ലേല തുകയുടെ ഒന്നാം പകുതി തുക അപ്പോൾ തന്നെ അടയ്ക്കുകയും, ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് അറിയിപ്പ് ലഭിച്ചാലുടൻ മുഴുവൻ തുകയും ഒന്നിച്ച് അടയ്ക്കേണ്ടതുമാണ്. തവണകൾ ആവശ്യമുണ്ടെങ്കിൽ ലേല തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. ഗഡുക്കൾ നിശ്ചിത സമയത്ത് അടയ്ക്കാത്ത പക്ഷം മറ്റൊരറിയിപ്പ് കൂടാതെ ലേലാവകാശം റദ്ദ് ചെയ്ത് പുനർലേലമോ നേരിട്ട് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള സംവിധാനമോ ഏർപ്പെടുത്തുന്നതിന് പൂർണ്ണമായ അധികാരം ഗ്രാമ പഞ്ചായത്ത് കമ്മറ്റിക്ക് ഉണ്ടായിരിക്കുന്നതാണെന്നും നിബന്ധനയിൽ പറയുന്നുണ്ട്. ലേലം ഉറപ്പിച്ച വ്യക്തികളിൽ നിന്ന് സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുകയോ, കുടിശ്ശിക വരുത്തിയവർക്കെതിരെ ലേല നിബന്ധന പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ലേല കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി. & ഒ. ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

നാവായിക്കുളം ഗ്രാമ പഞ്ചായത്തിൽ 22 വാർഡുകളാണ് ഉള്ളത്. പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്ന 2015-16 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ 12 വാർഡുകളിലെ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കുന്നതിൽ കുടിശ്ശിക

2015-16 വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. വിവേകാനന്ദ പബ്ലിക് സ്കൂൾ

2. സ്നേഹ ഹോസ്പിറ്റൽ

3. ഇർഫാൻ ഓഡിറ്റോറിയം

4. ജാഗി ജൂവലറി

5. ജാഗി ഓഡിറ്റോറിയം

കൂടാതെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കുടിശ്ശികയുള്ള തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിന് അവസരമൊരുക്കിയില്ല

സബ്സിഡി മാർഗരേഖ (ജി ഒ (എം എസ് ) 362/13/ തസ്വഭവ തീയതി 16-11-2013, സബ്സിഡി പൊതുവിഷയങ്ങൾ ഖണ്ഡിക 6.8) പ്രകാരം പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ അവസരങ്ങൾ ഒരുക്കുന്നതിനായുള്ള പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. എന്നാൽ അസി. സെക്രട്ടറിയുടെ നിർവ്വഹണത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യത്തിന് മേശയും കസേരയും നൽകുന്നതിനായി 8,00,000/- രൂപയും (പ്രോജക്ട് നമ്പർ SO 19/16) ലാപ്പ്ടോപ്പ് വാങ്ങി നൽകുന്നതിനായി 7,20,000/- രൂപയും (പ്രോജക്ട് നമ്പർ SO 20/16) വകയിരുത്തി തൻവർഷം പ്രോജക്ടുകൾ ആവിഷ്കരി ച്ചിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. സമൂഹത്തിന്റെ ദുർബല തട്ടിലുള്ളവരെ പ്രബുദ്ധരാക്കുന്ന തിനുവേണ്ടി സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളുടെ പ്രാധാന്യം, ആവശ്യകത ഇവ കണക്കിലെടുത്ത് ആയത് നിർവ്വഹിക്കാൻ നിർവഹണ ഉദ്യോഗസ്ഥന് കഴിയാത്തത് പദ്ധതി നടത്തിപ്പിന്റെ വീഴ്ചയായി കാണുന്നു.

## 3-2 ജാഗ്രതാ സമിതി പ്രവർത്തനം ഊർജ്ജിതമാക്കണം

സ്ത്രീകളുടെയും പെൺകുട്ടികളുടെയും ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള എല്ലാ വിധ അതിക്രമങ്ങളും അവകാശലംഘനങ്ങളും തടയുന്നതിനും വേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ സ്ത്രീപക്ഷ കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് ജാഗ്രതാ സമിതി.

സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിക്കുക, പരിഹരിക്കുക, സ്വയം പ്രശ്നങ്ങൾ ഏറ്റെടുത്ത് / കണ്ടെത്തി പരിഹരിക്കാനായി ഇടപെടുക, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാകാൻ പ്രയത്നിക്കുക, സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക, വനിതാ ഘടക പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുക, ആവശ്യമായ നിയമസഹായവും ഉപദേശവും സ്ത്രീകൾക്ക് നൽകുക തുടങ്ങിയവയ്ക്കാണ് ജാഗ്രതാ സമിതി രൂപം നൽകിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ 18-10-2008 ൽ ആണ് ജാഗ്രതാ സമിതി രൂപീകരിച്ചത്. അതിന് ശേഷം 22-12-11, 03-01-12, 03-01-13എന്നീ തീയതികളിൽ മാത്രമാണ് ജാഗ്രതാ സമിതി യോഗം ചേർന്നിട്ടുള്ളത്. 28-08-14 ന് ജാഗ്രതാ സമിതിയുടെ പുനസംഘടന നടപ്പിലാക്കി. നിലവിൽ ജാഗ്രതാ സമിതി പ്രവർത്തനരഹിതമാണ്. ഈ സാമ്പത്തിക വർഷം ജാഗ്രതാ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി തനത് ഫണ്ടിൽ 15000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ തൻവർഷം പ്രോജക്ട് നടപ്പിലായില്ല. ജാഗ്രതാ സമിതിയുമായി ബന്ധപ്പെട്ട ചെലവുകൾ വരാത്തതും, കേസുകൾ

റിപ്പോർട്ട് ചെയ്യപ്പെടാത്തതും കാരണമാണ് പ്രോജക്ട് നടപ്പിലാക്കാത്തതെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം 28/21-10-16). ജാഗ്രതാസമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് വേണ്ടുന്ന നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 'മീഡിയ ശ്രീ'-പദ്ധതി നടത്തിപ്പിലെ അപാകത

പ്രോജക്ട് നമ്പർ - SOO189/16

വകയിരുത്തൽ - 73125/- (തനതുഫണ്ട്)

ചെലവ് - 73125/-

ഡി ഡി നമ്പർ - 568180/25-6-15, തുക 23126/- രൂപ

568181/25-6-15, തുക 49999/-രൂപ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും നിലവിലെ സമിതിയുടെ പ്രവർത്തനങ്ങളും ഡോക്യുമെന്ററി ചിത്രത്തിലൂടെ തയ്യാറാക്കുന്നതിനായി സ. ഉ (സാധാ) നമ്പർ 3206/14/ ത.സ്വ.ഭ.വ. തീയതി 5-12-14 ലെ ഉത്തരവ് പ്രകാരം ആവിഷ്കരിച്ച മേൽ പ്രോജക്ടിനായി 73125/- രൂപ (സർവീസ് ചാർജ് ആയ 8125/- രൂപ ഉൾപ്പെടെയുള്ള തുക) 25-6-2015-ൽ നിർവഹണ ഏജൻസിയായ കുടുംബശ്രീ സ്റ്റേറ്റ് മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ഡോക്യുമെന്ററി ചിത്രം നാളിതുവരെയായും പുറത്തിറക്കിയിട്ടില്ല എന്നാണ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളത്. 09-07-2015 ലെ കരാർ വ്യവസ്ഥ പ്രകാരം തുക ലഭിച്ച് 60 ദിവസത്തിനകം ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതുണ്ട്. പകർപ്പ് ലഭ്യമായത് സംബന്ധിച്ച വിവരം ഓഡിറ്റ് എൻക്വയറിലൂടെ (നമ്പർ 9, തീയതി 19-10-16) ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും പകർപ്പ് ലഭ്യമായത് സംബന്ധിച്ച വിവരം എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ വ്യക്തമാക്കിയില്ല . പകർപ്പ് ലഭ്യമായതിന്റെ ആധികാരിക രേഖകൾ ഹാജരാക്കുന്നതുവരെ 73125/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രസ്തുത പ്രോജക്ടിനായി 65000/- രൂപയാണ് ഓരോ ഗ്രാമ പഞ്ചായത്തിനും ചെലവഴിക്കാൻ മേൽ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ സർവീസ് ചാർജ് ഉൾപ്പെടെ 73125/- രൂപ മീഡിയശ്രീക്ക് വേണ്ടി ഞായത്ത് ചെലവഴിച്ചു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9, തീയതി 19-10-16) ലഭിച്ച മറുപടിയിൽ സർക്കാർ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് സർവീസ് ടാക്സ് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും എന്ന് അറിയിച്ചു. സർക്കാർ തീരുമാനം ഓഡിറ്റിനെ അറിയിച്ച് തുടർ നടപടികളിൽ നിന്നും ഒഴിവാകേണ്ടതാണ്.

## 3-4 ഭവനപുനരുദ്ധാരണ പ്രവൃത്തികൾ - അഡ്വാൻസ് തുക മാത്രം നൽകി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എല്ലാ ഭവനപുനരുദ്ധാരണ പ്രവൃത്തികളിലെയും ഗുണഭോക്താക്കൾക്ക് അഡ്വാൻസ് തുകകൾ മാത്രമാണ് നൽകാൻ കഴിഞ്ഞിട്ടുള്ളത്. 9/15, 10/15 മാസങ്ങളിലായി ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം മാത്രമാണ് അഡ്വാൻസ് തുകയായ ആദ്യ ഗഡു നൽകിയത്. തന്മൂലം മുഴവൻ ഗഡുക്കളും നൽകി ഗുണഭോക്താക്കളെക്കൊണ്ട് ഭവനപുനരുദ്ധാരണം പൂർത്തീകരിപ്പിച്ച് പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാനായില്ല.

ഭവനപുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയത് | ചെലവ് തുക | അഡ്വാൻസ് കൈപ്പറ്റിയ |
|---|---|---|---|---|---|

| | | | | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 21/16 | ഭവനപുനരുദ്ധാരണം എസ് സി | 1100000 (വികസനഫണ്ട് എസ് സി പി) | 270000 | 27 |
| 2 | 165/16 | പ്ലാച്ചിവട്ടം കോളനി നവീകരണം | 475000 (വികസനഫണ്ട് എസ് സി പി) | 150000 | 15 |
| 3 | 168/16 | ആല്യംകുന്ന് ലക്ഷം വീട് കോളനി നവീകരണം | 300000 (വികസനഫണ്ട് എസ് സി പി) | 60000 | 6 |
| 4 | 169/16 | ഡീസന്റ് മുക്ക് കോളനി നവീകരണം | 375000 (വികസനഫണ്ട് എസ് സി പി) | 120000 | 12 |
| 5 | 171/16 | ഇടമൺനില കോളനി നവീകരണം | 500000 (വികസനഫണ്ട് എസ് സി പി) | 190000 | 19 |
| 6 | 173/16 | കൊച്ചാരം പൊയ്ക കോളനി നവീകരണം | 500000(വികസനഫണ്ട് എസ് സി പി) | 180000 | 18 |
| | | | | 970000 | |

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9, തീയതി 19-10-16) ലഭിച്ച മറുപടി തൃപ്തികരമല്ല. ഭവന പുനരുദ്ധാരണത്തിനായി തൻവർഷം 32,50,000/- രൂപ വകയിരുത്തിയതിൽ 970000/- രൂപ മാത്രമേ നിർവഹണ ഉദ്യോഗസ്ഥന് ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. ചെലവഴിച്ചതിനു ശേഷം ബാക്കിയുള്ള തുക ലാപ്സ് ആയി പോയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിനായി വകയിരുത്തപ്പെടുന്ന തുക സമയബന്ധിതമായി പ്രയോജനപ്പെടുത്താനാകാത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി കാണുന്നു.

## 3-5 ഡ്രൈവിംഗ് പരിശീലനം - തുടർ പ്രോജക്ട് വച്ചില്ല - പദ്ധതി പരാജയം

പ്രോജക്ട് നമ്പർ - S0086/16

അടങ്കൽ തുക - 300000/- ( വികസനഫണ്ട്)

ചെലവ് തുക - 76800/-

ബിൽ നമ്പർ - 6/15-16, 16-7-15 തുക 67200/- രൂപ

- 86/15-16, 29-2-16 തുക 9600/-രൂപ

എസ്.സി വനിതകളായ തൊഴിൽ രഹിതരായവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർവഹണത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയതാണ് മേൽ പ്രോജക്ട്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് അടുത്ത വർഷം വാഹനം വാങ്ങുന്നതിന് വായ്പയും ഡ്രൈവർ തസ്തികയിൽ ജോലി ലഭിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിരുന്നു. ഇപ്രകാരം 2015-16-ൽ ഡ്രൈവർ പരിശീലനം ലഭിച്ചവർക്ക് വാഹനം വാങ്ങുന്നതിന് തുടർവർഷങ്ങളിൽ പ്രോജക്ട് വച്ചിട്ടുണ്ടോ എന്ന വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നമ്പർ 12, 20-10-16) ലഭിച്ച മറുപടി ഇല്ല എന്നായിരുന്നു.

സബ്സിഡി മാർഗരേഖ ജി.ഒ (എം എസ് ) 362/13ത.സ്വ.ഭ.വ തീയതി 16-11-2013, അനുബന്ധം1,ഖണ്ഡിക 5 പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രാരംഭപ്രവർത്തനങ്ങൾ നടത്തുന്ന വർക്കായാണ് തൊഴിൽ പരിശീലനങ്ങൾ നൽകേണ്ടതെന്നും തൊഴിൽ പരിശീലനത്തിന് മാത്രമായി പ്രോജക്ട് വയ്ക്കാവുന്നതല്ലായെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ മാർഗരേഖക്ക് വിരുദ്ധമായി തൊഴിൽ പരിശീലനത്തിന് മാത്രമായി പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നു. മാത്രമല്ല ഡ്രൈവിംഗ് പരിശീലനം ലഭിച്ചവർക്ക് വാഹനം വാങ്ങുന്നതിന് തുടർ വർഷം

പ്രോജക്ട് നടപ്പിലാക്കിയിട്ടുമില്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സബ്സിഡി മാർഗരേഖകൾക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഗ്രാമ പഞ്ചായത്ത് വിഹിതം മാത്രം ചെലവഴിച്ച് സംയുക്ത പ്രോജക്ട് നടപ്പിലാക്കി

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണം നടത്തിയ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ പ്രോജക്ട് (നം:S0036/16) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾക്കും 18 വയസ്സിന് താഴെയുള്ള ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കും നിലവിലുള്ള സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള പ്രകാരം സ്കോളർഷിപ്പ്/ബത്ത വിതരണം ചെയ്യുന്നതിനാണ് രൂപീകരിച്ചിട്ടുള്ളത്. പ്രോജക്ടിൽ വികസന ഫണ്ട് 200000/-രൂപ, ബ്ലോക്ക് വിഹിതം 100000/-രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 100000/-രൂപ എന്ന കണക്കിലാണ് അടങ്കൽ തുക വകയിരുത്തിയിരുന്നത്.എന്നാൽ രേഖകളുടെ പരിശോധനയിൽ വികസന ഫണ്ടിൽ നിന്നുള്ള 200000/-രൂപ (ബിൽ നം :08/21.03.16) മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് കാണാൻ കഴിഞ്ഞു. പ്രോജക്ട് പ്രകാരം 36 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

പദ്ധതി മാർഗരേഖ ജി.ഒ.പി 362/13/ തസ്വഭവ തീയതി 16-11-13 സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന ത.സ്വ.ഭ.വ സ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതും കുറഞ്ഞ വിഹിതം വകയിരുത്തിയ ത.സ്വ.ഭ.വ സ്ഥാപനം അവരുടെ വിഹിതം ചെലവഴിച്ച ശേഷം മാത്രമേ കൂടിയ തുക വകയിരുത്തിയ ത.സ്വ.ഭ.വ സ്ഥാപനത്തിന്റെ വിഹിതം ചെലവഴിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യത ഉറപ്പ് വരുത്തുവാൻ നിർവഹണം നടത്തുന്ന ത സ്വ ഭ വ സ്ഥാപനം ശ്രദ്ധിക്കേണ്ടതാണെന്നും പദ്ധതി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

12-ാം പദ്ധതി മാർഗരേഖ ഖ:V111(ഇ)യിൽ പരാമർശിക്കും പ്രകാരം പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിച്ച വേളയിൽ തന്നെ സംയുക്ത പ്രോജക്ടുകളുടെ നിർവഹണചുമതലയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടിന്റെ വിഭവ സ്രോതസ്സ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ടോ, സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ തീരുമാനമെടു ക്കുന്നതിനായി പ്രത്യേകയോഗം ജില്ലാ തലത്തിൽ ചേർന്നിട്ടുണ്ടോ എന്നീ വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 10/19-10-16). ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ സമയബന്ധിതമായി ലഭിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് വികസന ഫണ്ട് മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. സർക്കാർ നിർദേശത്തിന് അനുസരിച്ച് പ്രോജക്ട് നടപ്പിലാക്കേണ്ടതാണ്

## 3-7 തെരുവുവിളക്കുകളുടെ കൃത്യമായ കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കുവരുത്തുന്നതിനായി തൻവർഷം 1364565/-രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം/തീയതി | തുക (രൂപ) |
|---|---|---|
| 1 | 21500032/20.04.15 | 121801/- |
| 2 | 21500121/21.05.15 | 121801/- |
| 3 | 21500152/22.06.15 | 121801/- |
| 4 | 21500203/13.07.15 | 121801/- |
| 5 | 21500324/18.08.15 | 121801/- |
| 6 | 51500396/7.09.15 | 123253/- |
| 7 | 51500461/5.10.15 | 122167/- |

| | | |
|---|---|---|
| 8 | 51500554/9.11.15 | 488/- |
| 9 | 51500625/1.12.15 | 127413/- |
| 10 | 21500725/1.01.16 | 127413/- |
| 11 | 21500810/1.02.16 | 127413/- |
| 12 | 21500900/2.03.16 | 127413/- |
| ആകെ | | 1364565/- |

ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി തെരുവുവിളക്കുകളുടെ ആകെ എണ്ണം, അവയിൽ പ്രകാശിക്കുന്നവ, പ്രകാശിക്കാത്തവ, തെരുവുവിളക്കുകളുടെ ഇനം, ഓരോ ഇനത്തിനും ഒടുക്കേണ്ട ചാർജ് മുതലായ വിവരങ്ങൾ കാണിക്കുന്ന 2015-16 തെരുവുവിളക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. കെ.എസ്.ഇ.ബി യു മായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. തൻവർഷം തെരുവുവിളക്ക് സ്ഥാപിക്കൽ, പുനരുദ്ധാരണം, വാർഷിക മെയിന്റനൻസ് എന്ന പ്രോജക്ടിനായി 400000/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തെരുവുവിളക്കുകൾ റിപ്പയർ ചെയ്തു എന്നുള്ള വാർഡ് മെമ്പറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കരാർ ഏജൻസിക്ക് തുക നൽകുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തെരുവുവിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം, തരം എന്നിവ രേഖപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് ഒടുക്കേണ്ടതാണ്.

## 3-8 ഉപഭോഗത്തിനനുസൃതമായാണ് വെള്ളക്കരം ഒടുക്കുന്നതെന്നുറപ്പാക്കേണ്ടതാണ്.

വെള്ളക്കരം ഒടുക്കുന്നതിനായി തൻവർഷം തനത്ഫണ്ടിൽ നിന്നും 5,63,500/-രൂപ ചെലവഴിച്ചിട്ടുണ്ട്. പൊതുടാപ്പുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയോ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.22/20.10.16) ഉപഭോഗത്തിനനുസൃതമായാണ് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് വേണ്ടുന്ന അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ഇ.എം.എസ് ഭവനപദ്ധതി-അക്കൗണ്ടിൽ 902338/-രൂപ ബാലൻസ് നിൽക്കുന്നു

2015-16- ൽ ഇ.എം.എസ് ഭവനപദ്ധതി പ്രകാരം 126 ഗുണഭോക്താക്കൾക്ക് അധിക സഹായധനം നൽകുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 1260000/- രൂപ വകയിരുത്തി ചെലവ് ചെയ്തിട്ടുണ്ട്. 15-9-2011 ലെ ഉത്തരവ് പ്രകാരം ഇ.എം.എസ് ആനുകൂല്യം 200000/- രൂപയായി വർദ്ധിപ്പിച്ചിരുന്നുവെങ്കിലും 75000/- രൂപ നിരക്കിൽ മാത്രമാണ് വി.ഇ.ഒ യ്ക്ക് തുക മാറി നൽകുകയും എന്നാൽ ഗുണഭോക്താക്കൾ കേസിനു പോയതിനാൽ അധികം ധനസഹായം നൽകുന്നതിന് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം 1260000/- ധനകാര്യകമ്മിഷൻ ഗ്രാന്റിനത്തിൽ വകയിരുത്തി (ഓഡിറ്റ് എൻക്വയറി 3 ന് ലഭിച്ച മറുപടി) ട്രഷറി ബിൽ നമ്പർ 20/16, 14-3-2016 പ്രകാരം മാറി ഇ.എം.എസ് അക്കൗണ്ട് സൂക്ഷിക്കുന്നA/C No. 020241201200010 - ൽ നിക്ഷേപിച്ചത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഇപ്പോഴും 902338/-രൂപ (29-6-16 ലെ കണക്ക്) ബാലൻസ് നിലനിൽക്കുന്നുണ്ട്.
അതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ( എൻക്വയറി നമ്പർ 25, 21-10-16) 2010-11, 2011-12 കാലയളവിൽ നടപ്പിലാക്കിയ ഇ.എം.എസ് പദ്ധതിയിൽ (ലോൺ തുക) ആനുകൂല്യം കൈപ്പറ്റാനുള്ള 157500/- രൂപയും 2013-14, 2014-15, 2015-16 കാലയളവുകളിൽ അധികസഹായധനം അനുവദിച്ച് വാങ്ങാത്തവരുടെ ബാക്കി വന്ന ഇനത്തിലുള്ള തുകയായ യഥാക്രമം 438838/- രൂപ, 156000/-രൂപ, 150000/- രൂപയും ചേർത്ത് ആകെ 902338/- രൂപ അക്കൗണ്ടിൽ വന്നതെന്നും ഈ തുക കൈപ്പറ്റാനുള്ളത് പഞ്ചായത്തുമായി കേസിന് പോയവരാണെന്നും അറിയിച്ചു.

മേൽ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ച് നൽകിയ വർദ്ധനവ് സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് അനുവദിച്ചു നൽകാത്തതിനാലാണ് അനാവശ്യമായ കോടതി വ്യവഹാരങ്ങൾക്ക് ഇട വന്നതും ഇപ്പോഴും പലിശ രഹിത അക്കൗണ്ടിൽ 902338/- രൂപ സൂക്ഷിച്ചിരിക്കുന്നതും. കേസിന്റെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും കേസ്

തീർപ്പാകുന്ന മുറയ്ക്ക് ഗുണഭോക്താക്കൾ തുകകൾ കൈപ്പറ്റുന്നതിന്റെ ആധികാരിക രേഖകൾ ഹാജരാക്കേണ്ടതുമാണ്.

2010-11, 2011-12 കാലയളവിൽ ഇ.എം.എസ് പദ്ധതിയിൽ (ലോൺ തുക) ആനുകൂല്യം കൈപ്പറ്റാനുള്ള ഗുണഭോക്താക്കളെക്കൊണ്ട് അടിയന്തിരമായി പണി പൂർത്തീകരിപ്പിച്ച് അവർക്ക് നൽകാനുള്ള തുക നൽകേണ്ടതാണ്. അല്ലാത്തപക്ഷം നാളിതുവരെ നൽകിയ ആനുകൂല്യം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കേണ്ടതും ലോൺ തുക ഇനത്തിൽ ഇ എം എസ് അക്കൗണ്ടിൽ നിൽക്കുന്ന 1,57,500/-രൂപ സർക്കാറിൽ തിരിച്ചടവാക്കേണ്ടതുമാണ്.

## 3-10 ഉത്പാദന മേഖലയിൽ ഫണ്ട് വിനിയോഗം ആശാവഹമല്ല

കാർഷിക മേഖലയിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തിൽ വിവിധ ഫണ്ടുകളുടെ വിനിയോഗം കൂടുതൽ ഫലപ്രദമാക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ഉത്പാദന മേഖലയിൽ ആകെ ചെലവഴിച്ചത് 7.5 ശതമാനമാണ്. ഉത്പാദന മേഖലയിൽ എസ്.സി.പി.ഫണ്ട് വകയിരുത്തിയില്ല. ഫണ്ട് വിനിയോഗത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| | വകയിരുത്തിയത് | | | ചെലവഴിച്ചത് | | | ശതമാനം |
|---|---|---|---|---|---|---|---|
| | ജനറൽ | SCP | ആകെ | ജനറൽ | SCP | ആകെ | |
| ഉത്പാദന മേഖല | 14688712 | - | 14688712 | 1100786 | - | 1100786 | 7.5% |
| സേവന മേഖല | 25053100 | 16056874 | 41109974 | 17948454 | 11460422 | 29408876 | 72% |
| പശ്ചാത്തല മേഖല | 25978774 | 3430561 | 29409335 | 23602490 | 2824035 | 26426525 | 90% |
| ആകെ | 65720586 | 19487435 | 85272021 | 42651730 | 14284457 | 56936187 | 56% |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ (സ . ഉ . (എം.എസ്.) നം.225/12/ത.സ്വ.ഭ.വ.തീയതി – 18-2-12) ഉല്പാദനമേഖലയുടെ സ്ഥായിയായ വളർച്ചയ്ക്കായി രിക്കണം മുൻഗണന നൽകേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം .

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ഒന്നാം വിള നെൽകൃഷി, രണ്ടാം വിള നെൽകൃഷി, ഇടവിളകൃഷി എന്നീ മൂന്ന് പ്രോജക്ടുകൾ നടപ്പാക്കി. മുട്ടക്കോഴി വളർത്തൽ (ജനറൽ), മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ, പ്രത്യേക കന്നുകുട്ടി പരിപാലനം എന്നീ മൂന്ന് പ്രോജക്ടുകൾ മാത്രമാണ് വെറ്ററിനറി സർജൻ തൻവർഷം നടപ്പാക്കിയത്. ഉത്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രോജക്ടുകൾ വിഭാവനം ചെയ്ത് , ലഭ്യമാകുന്ന ഫണ്ട് പൂർണമായും ഫലപ്രദമായും വിനിയോഗിക്കേണ്ടതാണ് .

## 3-11 3775000/- രൂപയുടെ വിനിയോഗ രേഖകളില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകൾക്കുവേണ്ടി പിൻവലിച്ച 3775000/- രൂപയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക | ബിൽ നമ്പർ /ഡി.ഡി. നം. | തുക കൈപ്പറ്റിയത് | ചെലവ് തുക |
|---|---|---|---|---|---|---|
| 1 | SO189/16 ഐ.എ.വൈ വിഹിതം | സെക്രട്ടറി | വികസന ഫണ്ട് (SCP) – | 52/30.3.16 DD 122093 | കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 3400000 |

| | | | | | | |
|---|---|---|---|---|---|---|
| | ഒടുക്കൽ | | 3400000 | | സെക്രട്ടറി | |
| 2 | SO163/16<br>16-ാം വാർഡിൽ പൊതുടാപ്പ് സ്ഥാപിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ | തനതുഫണ്ട്<br>100000 | DDNo. 116900/<br>13.10.15 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആറ്റിങ്ങൽ | 100000 |
| 3 | SO50/16<br>പ്രത്യേക കന്നുകുട്ടി പരിപാലനം | വെറ്റിനറി സർജൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>275000 | 1/15-16/<br>29.9.15<br>3/15-16,<br>24.1.16<br>DD 116675/30.9.15<br>DD 118979/25.1.16 | എസ്.എൽ.ബി.പി ഡെ.ഡയറക്ടർ, തിരുവനന്തപുരം | 275000/-<br>(125000+<br>150000) |
| ആകെ | | | | | | 3775000 |

വിനിയോഗരേഖകളുടെ അഭാവത്തിൽ 3775000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചില്ല

ഗ്രാമസഭാംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർപ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ആസ്ഥാനമാണ് ഗ്രാമകേന്ദ്രങ്ങൾ. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചതുസംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല.

ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി 15-16 വർഷം രൂപീകരിച്ച പ്രോജക്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ - SOO/08/16

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ :- വികസനഫണ്ട് - 19,800

തനത് ഫണ്ട് - 3,60,000

ആകെ - 3,79,800

22 വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങളുടെ ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിനായി ബിൽ നമ്പർ 33 / 05.03.2016 പ്രകാരം 19,800രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തെ തുടർന്ന് 22 വാർഡുകളിൽ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾ കണ്ടെത്തി ബോർഡുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നതായാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 18/20.10.2016ന്റെ മറുപടി). എന്നാൽ, ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയില്ല. വകയിരുത്തിയ തുകയിൽ 19,800/- രൂപ വികസനഫണ്ട് മാത്രം ചെലവഴിച്ചതിൽനിന്ന് ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചില്ലായെന്ന് വ്യക്തമാണ്. ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-13 കല്ലമ്പലം മാർക്കറ്റിന്റെ അവസ്ഥ ശോചനീയം

ഗ്രാമപഞ്ചായത്തിലെ പ്രധാന മാർക്കറ്റായ കല്ലമ്പലം മാർക്കറ്റ് വളരെ ശോചനീയമായ അവസ്ഥയിലാണ് .

ഓഡിറ്റ് ടീം 21.10.2016ന് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുമായി ചേർന്ന് നടത്തിയ സ്ഥലപരിശോധനയിൽ, പൊതുജനങ്ങൾക്ക് ദുസ്സഹമാകുന്ന രീതിയിലാണ് മാർക്കറ്റ് പ്രവർത്തിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. മാർക്കറ്റിലെ കംഫർട്ട് സ്റ്റേഷൻ പ്രവർത്തനക്ഷമമല്ലാതെ പൂട്ടിയിട്ടിരിക്കുന്നു. സെപ്റ്റിക് ടാങ്ക് തകർന്ന നിലയിലാണ്. മാർക്കറ്റ് സ്റ്റാളുകൾ ജീർണാവസ്ഥയിലാണ് . മാലിന്യം നിറഞ്ഞ മാർക്കറ്റിന്റെ ഒരു വശത്ത് മൺകൂനയും കോൺക്രീറ്റ് വേസ്റ്റും നിറഞ്ഞ് കാടുപിടിച്ച നിലയിലാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള നാല് സ്റ്റാളുകളോട് ചേർന്ന് അനധികൃത നിർമ്മിതിയുണ്ട്(നോട്ടീസ് നൽകി

നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്).

മാർക്കറ്റിൽ ഓട നിർമ്മിച്ച് മലിനജലം ഒഴുക്കിവിടുന്നതിനും കംഫർട്ട് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കുന്നതിനും മറ്റ് പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി തൻവർഷം 2,71,200/- രൂപ മെയിന്റനൻസ് ഫണ്ട് വകയിരുത്തി സ്പിൽഓവർ പ്രോജക്ട് (SO104/16)നടപ്പാക്കിയിരുന്നു. എസ്റ്റിമേറ്റിലെ അപ്പന്റിക്സ് Aയിലെ 10, 11ഇനങ്ങളും അപ്പന്റിക്സ് Bപൂർണമായും ഒഴിവാക്കി, 87,861രൂപ ചെലവഴിച്ച് ഭാഗികമായാണ് പ്രസ്തുത പ്രവൃത്തി നടപ്പാക്കിയത്. ഫിഷ് സ്റ്റാളുകളിലെ ഷീറ്റ് 1.20മീറ്റർ നീളത്തിൽ എക്സ്റ്റന്റ് ചെയ്യാനും മാർക്കറ്റിൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കാനും എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും 27.8 മീറ്റർ നീളത്തിൽ ഓട നിർമ്മിച്ച് സ്ലാബിട്ടതുമാത്രമായി പ്രവൃത്തി പരിമിതപ്പെട്ടു. സ്ഥലത്ത് ജലലഭ്യത കുറവായതിനാലാണ് കിണർ നിർമ്മാണം നടത്താതിരുന്നതെന്നും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 16-17 വർഷം പ്രോജക്ട് രൂപീകരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 19 / 20.10.2016ന്റെ മറുപടി). ജലലഭ്യത ഉറപ്പാക്കാതെ കിണർ നിർമ്മാണത്തിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വീഴ്ചയാണ്. കംഫർട്ട് സ്റ്റേഷൻ പ്രവർത്തന ക്ഷമമാക്കുന്നതിനും മാർക്കറ്റ് നവീകരണത്തിനുമായി 2016-17 വർഷം പ്രോജക്ട് രൂപീകരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെന്ന് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 30 / 21.10.2016ന്റെ മറുപടി).

മാർക്കറ്റിലെ അനധികൃത നിർമ്മിതികൾക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. മാർക്കറ്റ് നവീകരണം ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ട വിഷയമാണ്.

## 3-14 <u>അറ്റകുറ്റപണി നടത്തിയ ആയുർവേദാശുപത്രി അനുബന്ധ കെട്ടിടം പ്രവർത്തനക്ഷമമാക്കിയില്ല</u>

മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് മേൽക്കൂര കോൺക്രീറ്റിംഗും മറ്റ് അറ്റകുറ്റപണികളും നടത്തിയ ആശുപത്രി അനുബന്ധകെട്ടിടം നിഷ്ക്രിയമായ അവസ്ഥയിലാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ 15-16 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടിന്റെ വിശദാംശം ചുവടെചേർക്കുന്നു.

പ്രോജക്ട് നമ്പർ - SO112/16

അടങ്കൽ തുക - 2,00,000രൂപ (മെയിന്റനൻസ് ഫണ്ട്)

ചെലവ് തുക - 1,98,162 രൂപ

ബിൽ നമ്പർ - 25/19.12.2015

ആയുർവേദാശുപത്രിയുടെ സ്റ്റോർ റൂമായി (കഷായപ്പൊടി) ഉപയോഗിക്കാൻ പുനരുദ്ധരിച്ച കെട്ടിടത്തിൽ ഫർണിഷിംഗ് പ്രവൃത്തികൾ നടത്തിയാൽ മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ

## 3-15 <u>നക്രാംകോണം - കുടവൂർ വിളയിൽ വാതുക്കൽ പാലം പ്രയോജനപ്രദമാക്കാൻ നടപടി വേണം</u>

കുടവൂർ ഇലവമൂട് പത്തനാപുരം റോഡിനേയും നക്രാംകോണം വിളയിൽ വാതുക്കൽ റോഡിനേയും ബന്ധിപ്പിക്കുന്നതിനുവേണ്ടി നിർമ്മിച്ച പാലം അപ്രോച്ച് റോഡിന്റെ മോശമായ അവസ്ഥ കാരണം പ്രയോജനപ്രദമാകുന്നില്ല.

പ്രവൃത്തിയുടെ വിശദാംശം :-

നമ്പർ - SO141/16

അടങ്കൽ തുക :- വികസന ഫണ്ട് - 2,00,000

<u>തനത് ഫണ്ട് - 3,00,000</u>

ആകെ - 5,00,000

ചെലവ് തുക - 3,97,576/- രൂപ
പാടശേഖരത്തിനടുത്തുള്ള റോഡുകളെ ബന്ധിപ്പിക്കുന്ന പാലം, കൂടുതൽ പ്രയോജനപ്രദമാകാൻ അപ്രോച്ച് റോഡിന്റെ നിലവിലെ സ്ഥിതി വിഘാതമാകുന്നു. റോഡിന്റെ പാലത്തിനടുത്തുള്ള ഭാഗം 500 മീറ്ററോളം പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. എതിർവശത്ത് വയലിനോട് ചേർന്ന ഭാഗത്തെ വളവ് അപകടമുണ്ടാക്കുന്നതാണ്
അപ്രോച്ച് റോഡിന്റെ നിർമ്മാണം അടുത്ത സാമ്പത്തിക വർഷത്തെ പ്രോജക്ടായി നടപ്പാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്. പാലം പ്രയോജനപ്പെടുത്താനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 റോഡ് പ്രവൃത്തികൾക്ക് ഫ്ലോറിംഗ് നിരക്ക് നൽകി

ഗ്രാമപഞ്ചായത്തിൽ തൻവ്രർഷം നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിലെല്ലാം റോഡ് പ്രവൃത്തിയുടെ ഇനമായ DSR 4.1.3യ്ക്ക് പകരമായി ഫ്ലോറിംഗ് ഇനമായDSR 11.7 നൽകി.

DSR 4.1.3 – Providing and laying in position cement concrete of specific grade 1:2:4(1cement : 2 coarse sand : 4 graded stone aggregate 20 mm nominal size) – 7808.99

DSR 11.7 – Cement concrete pavement with 1:2:4 (1cement : 2 coarse sand : 4 graded stone aggregate 20 mm nominal size) including finishing complete - 8227.42

നിരക്കുകൾ തമ്മിലുള്ള വ്യത്യാസം - 8227.42 _ 7808.99 = 418.43 / m3

ഇപ്രകാരം നിരക്ക് നൽകിയ പ്രവൃത്തികൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

1) ആശാരിക്കോണം കുന്നുവിള റോഡ് കോൺക്രീറ്റിംഗ്

2) മുക്കട മണ്ണാംകോണം കോളനി റോഡ് കോൺക്രീറ്റ്

3) ആലപ്പുഴ തെക്കതിൽ വാതുക്കൽ റോഡ് കോൺക്രീറ്റിംഗ്

4) പട്ടാളംമുക്ക് കാവുവിള റോഡ് പുനരുദ്ധാരണം

വിശദീകരണം ആവശ്യപ്പെട്ടതിന് ( ഓഡിറ്റ് എൻക്വയറി നമ്പർ 29/21.10.2016), റോഡ് camber ചെയ്യുന്നതിനും nominal finishingനുമുള്ള extra labour ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് DSR 11.7 ഉപയോഗിച്ചതെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്.
മെറ്റൽ തെളിഞ്ഞ അവസ്ഥയിലുള്ള പ്രസ്തുത റോഡിന്റെ അവസ്ഥ, കൂടിയ നിരക്ക് നൽകിയതിന് കൂടുതൽ വിശദീകരണമുണ്ടാകേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു.

## 3-17 സംരക്ഷണഭിത്തി തകർച്ച നേരിടുന്നു.

പട്ടാളംമുക്ക് സബ്സ്റ്റേഷൻ റോഡ് സൈഡ് വാൾ നിർമ്മിച്ച് ഒരു വർഷമാകുന്നതിനു മുമ്പ് തകർന്ന നിലയിലാണ്.

പ്രവൃത്തിയുടെ വിശദാംശങ്ങൾ :-

പ്രോജക്ട് നമ്പർ - SOO38/16

അടങ്കൽ തുക - 75,000രൂപ (മെയിന്റനൻസ് ഫണ്ട്)

ചെലവ് തുക - 74,300രൂപ

ബിൽ നമ്പർ - 34 / 16.02.2016
ഡ്രൈറബിൾ മേസണറിയിൽ ഫൗണ്ടേഷനും സൂപ്പർ സ്ട്രക്ചറും നിർമ്മിച്ച്, മുകളിൽ 1:3:6 കോൺക്രീറ്റിംഗും നടത്തി. എന്നാൽ 21.01.2016ൽ നടത്തിയ സ്ഥല പരിശോധനയിൽ Defect liability കാലയളവിനു മുൻപ് തന്നെ സൈഡ് വാൾ തകർന്നു തുടങ്ങിയ നിലയിലാണ്. വളവിലെ സൈഡ് വാൾ ഭാഗത്തുകൂടി വലിയ വാഹനങ്ങൾ കടന്നുപോകുന്നതിനാലാണ് ആ ഭാഗത്തെ സൈഡ് വാൾ തകർന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 29/21.10.2016). ഇത് അടിയന്തിരമായി പരിഹരിച്ചില്ലെങ്കിൽ സൈഡ് വാൾ പൂർണമായും നശിക്കാനിടയുണ്ട്.

## 3-18 ടെന്ററുകൾക്ക് മത്സര സ്വഭാവമില്ല

2015-16 വർഷം നടപ്പാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികളും കരാറുകാർ മുഖേനയായിരുന്നു. ഭൂരിഭാഗം പ്രവൃത്തികളിലും രണ്ട് ടെന്ററുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്- എസ്റ്റിമേറ്റ് നിരക്കിലും അതിലും കൂടുതലായുമുള്ള ടെന്ററുകൾ. റീ ടെന്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 11.1 പ്രകാരം ടെന്റർ നിരക്കുകൾ സ്വീകാര്യമല്ലെന്ന് തോന്നുകയോ ന്യായമായ എണ്ണം ടെന്ററുകൾ ലഭിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ റീ ടെന്റർ ചെയ്യണമെന്നുണ്ട്. തൻവർഷം ഈ-ടെന്ററിംഗ് മുഖേന നടത്തിയ പ്രവൃത്തികൾ എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലാണ് നിർവ്വഹിക്കപ്പെട്ടത്. അഞ്ച് ലക്ഷം രൂപ അടങ്കൽ തുകയുള്ള നക്രാംകോണം കുടവൂർ വാതുക്കൽ പാലം നിർമ്മാണ പ്രവൃത്തി ഇതിനുദാഹരണമാണ്. എസ്റ്റിമേറ്റിനേക്കാൾ 20.2% കുറഞ്ഞ നിരക്കിലാണ് പ്രവൃത്തി പൂർത്തീകരിച്ചത്.

ഒന്നിലധികം ടെന്ററുകൾ ലഭിച്ചാൽ അവ അംഗീകരിക്കാവുന്നതാണെന്നും ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണം. പൊതുപ്പണത്തിന്റെ വിനിയോഗം നടത്തുന്ന ഇത്തരം സന്ദർഭങ്ങളിൽ കുറച്ചുകൂടി അവധാനത പുലർത്താൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 3-19 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2015-16 സാമ്പത്തികവർഷം 1,84,34,104രൂപ ചെലവഴിച്ചതിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള മെറ്റീരിയൽ പ്രവൃത്തികൾ ഏറ്റെടുത്തില്ല. ഭൂവികസന പ്രവൃത്തികളും കുളങ്ങളുടെയും തോടുകളുടെയും നവീകരണ പ്രവർത്തനങ്ങളും മാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്. ഐ.എ.വൈ. ഭവനപദ്ധതി ഗുണഭോക്താക്കളുടെ വീടുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ പ്രവൃത്തികൾ വഴി 15 ഗുണഭോക്താക്കൾക്ക് പ്രയോജനമുണ്ടായി.

സാമ്പത്തികവർഷം 5033 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകി. തൊഴിലിനായി അപേക്ഷ സമർപ്പിച്ച കുടുംബങ്ങളുടെ എണ്ണം2866 ആണ്. എന്നാൽ തൻവർഷം 8 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയത്. (അവലംബം:ഓഡിറ്റ് എൻക്വയറി 5/17.10.2016 ന്റെ മറുപടി)

തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ മൃഗസംരക്ഷണ ക്ഷീര വികസന മേഖലയിൽ (തൊഴുത്ത് നിർമ്മാണം, കൂട് നിർമ്മാണം,തീറ്റപ്പുൽ കൃഷി മുതലായവ) പരമാവധി പ്രയോജനപ്പെടുത്താനുള്ള നടപടികളുണ്ടാവണം. കുടിവെള്ളക്കിണർ നിർമ്മാണത്തിന് ധനസഹായം നൽകിയവർക്ക്, മഴവെള്ളം റീ ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കാനുള്ള പ്രവൃത്തികൾ നടപ്പാക്കേണ്ടതാണെന്ന് സബ്സിഡി മാർഗ രേഖയിൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. വിവിധ മേഖലകളിലെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് കൊണ്ടുള്ള അംഗീകൃത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

## 3-20 അങ്കണവാടികളുടെ അവലോകനം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 41 അങ്കണവാടികൾ പ്രവർത്തിക്കുന്നു.അതിൽ 24 എണ്ണം സ്വന്തം കെട്ടിടത്തിലും 17 എണ്ണം വാടകകെട്ടിടത്തിലും പ്രവർത്തിക്കുന്നു.സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 3 അങ്കണവാടികളിൽ കുടിവെള്ള സൗകര്യമില്ല. 15 അങ്കണവാടികളിൽ ചുറ്റുമതിൽ ഇല്ല.7എണ്ണത്തിൽ വൈദ്യുതികണക്ഷനില്ല. മരുതികുന്നിൽ പ്രവർത്തിക്കുന്ന 41-ാം നം അങ്കണവാടിയുടെ അടുക്കളയിൽ ചോർച്ചയുണ്ട്. ഭൂരിഭാഗം അങ്കണവാടികളിലും out doorകളിക്കോപ്പുകളില്ല. സ്ഥലസൗകര്യമുള്ള അങ്കണവാടികളിൽ കളിക്കോപ്പുകൾ വാങ്ങി നൽകുന്നതിനായുള്ള പ്രോജക്ട് രൂപീകരിക്കാവുന്നതാണ്.

കൂടാതെ അടിസ്ഥാന സൗകര്യമില്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-21 ആശ്രയ പദ്ധതി - അവലോകനം

ആശ്രയ പദ്ധതിക്കായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള 2014-17 ലെ പദ്ധതി പ്രകാരം ആശ്രിത ഗുണഭോക്താക്കളായി 33 പേർ ആണുള്ളത്. ഭക്ഷ്യ വസ്തുക്കൾക്കു പുറമേ ആശ്രിത ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ആവശ്യം | ആവശ്യപ്പെട്ടവരുടെ എണ്ണം | ലഭിച്ചവരുടെ എണ്ണം |
|---|---|---|
| വീട് | 9 | 1 |
| വീട് റിപ്പയർ | 15 | 5 |

2014-17 ലെ ആശ്രയ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 2625000/-രൂപ വകയിരുത്തിയെങ്കിലും 2015-16 വരെ 350000/-രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ചലഞ്ച് ഫണ്ടിനത്തിൽ 1427880/- രൂപ വകയിരുത്തിയതിൽ ആദ്യഗഡുവായി 488690/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 98054/- രൂപ ചെലവഴിച്ചതിന് ശേഷം 390636/- രൂപ 31-03-16 ൽ പാസ്ബുക്കിൽ ബാക്കി ഉണ്ട്. ആശ്രയ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുന്നതിൽ മുന്തിയ പരിഗണന നൽകേണ്ടതും, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽതാഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | കല്ലമ്പലം ഇലക്ട്രിക് ഡിവിഷന് കീഴിലുള്ള പ്രദേശത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ | 115227 | 1886591 | 1886591 | | - |
| കെ.എസ്.ഇ.ബി. | പള്ളിക്കൽ ഇലക്ട്രിക് ഡിവിഷന് കീഴിലുള്ള പ്രദേശത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ | 115225 | 1527890 | 1527890 | | - |
| കെ.എസ്.ഇ.ബി. | മടവൂർ ഇലക്ട്രിക് ഡിവിഷന് കീഴിലുള്ള പ്രദേശത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ | 116610 | 920010 | 920010 | | - |
| കെ.എസ്.ഇ.ബി. | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 122087 | 74968 | 74968 | | - |
| കെ.എസ്.ഇ.ബി. | വിവിധ വാർഡു കളിൽ വൈദ്യുതി പോസ്റ്റ് സ്ഥാപിക്കുന്നതിന് | | 23884 | 23884 | | - |
| കെ.ഡബ്ള്യൂ. എ | 16 ാം വാർഡിൽ പൊതുടാപ്പ് സ്ഥാപിക്കൽ | 116863 | 100000 | 100000 | | - |

| | | | | | | |
|---|---|---|---|---|---|---|
| കെ.ഡബ്ള്യൂ. എ | 15 ാം വാർഡിൽ പൊതുടാപ്പ് സ്ഥാപിക്കൽ | | 50000 | 50000 | | - |

ഇനിയും പൂർത്തിയാകുവാനുള്ള പദ്ധതികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ഇ.എം.എസ് ലോൺ | 8/2010/lsg dt 20.1.2010 | 23800500 | 11900250 | 4025475 | | 7874775 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം : 345022

തൻവർഷം നിക്ഷേപിച്ച തുക : ഇല്ല

ആകെ : 345072

തന്നാണ്ടിൽ വിൻവലിച്ച തുക : -

വർഷാവസാനം അവസാനിക്കുന്ന സ്ഥിര നിക്ഷേപം : 345072

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 103513143 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73786808 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,48,125 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

*ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം*

ഇല്ല

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 73125/- | ശ്രീ ജയദേവൻ, അസി.സെക്രട്ടറി |
| 3-11 | 100000/- | ശ്രീമതി വിജി വി, അസി.എഞ്ചിനീയർ |
| 3-11 | 3400000/- | ശ്രീമതി ഷീജമോൾ, സെക്രട്ടറി |
| 3-11 | 275000 | ഡോ. സുരേഷ്കുമാർ,വെറ്റിനറി സർജൻ |

സി) *കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം*

ഇല്ല.

*ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

ഇല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1153/03 | 8 | |

| | | | |
|---|---|---|---|
| | തീയതി : 23-07-14 | | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.11/617/04<br>തീയതി: 23-07-14 | 9 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.11/134/06<br>തീയതി : 23-07-14 | 9 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.11/974/07<br>തീയതി : 23-07-14 | 9 | |
| 2004-05 | എൽ.എഫ്.റ്റി.ജി.ജി.പി.11/476/08<br>തീയതി: 23-07-14 | 8 | |
| 2005-06 | എൽ.എഫ്.റ്റി.ജി.ജി.പി.11/475/08<br>തീയതി: 23-07-14 | 10 | |
| 2006-07 | എൽ.എഫ്.റ്റി.ജി.ജി.പി.9/1153/08<br>തീയതി- 12-08-13 | 12 | |
| 2007-08 | എൽ.എഫ്.റ്റി.ജി.ജി.പി.9/1878/13<br>തീയതി: 18-01-14 &<br>എൽ.എഫ്.റ്റി.ജി.ജി.പി.9 (എ))/1016/11തീയതി : 16-07-11 | 15 | |
| 2008-09 | എൽ.എഫ്.റ്റി.ജി.ജി.പി.9/826/12<br>തീയതി: 24-08-12 &<br>എൽ.എഫ്.റ്റി.ജി.ജി.പി.9 /704/11<br>തീയതി: 09-06-11 | 9 | |
| 2009-10 | എൽ.എഫ്.റ്റി.ജി.ജി.പി.9/338/12<br>തീയതി: 11-08-14 &15-07-13 | 13 | |
| 2010-11 | എൽ.എഫ്.റ്റി.ജി.ജി.പി.9/103/14<br>തീയതി: 11-02-14 & 15-07-13 | 11 | |

| | | | |
|---|---|---|---|
| 2011-12 | എൽ.എഫ്.റ്റി.ജി.ജി.പി.9/891/15<br>തീയതി: 09-10-15 | 7 | |
| 2012-13 | എൽ.എഫ്.റ്റി.ജി.ജി.പി.9/534/14<br>തീയതി: 14-01-15 | 8 | |
| 2013-14 | എൽ.എഫ്.റ്റി.ജി.ജി.പി.9/534/14<br>തീയതി: 14-01-15 | 8 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/<br>1352/15 തീയതി : 19-10-2015 | 21 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളുമൊഴികെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 2003 ജൂൺ 12 ലെ നമ്പർ- 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ന്യൂനതകളുടെ സംഗ്രഹം

1. ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്